പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 131

# 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 131

# 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ

KNPP. 935/2007.

# 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ

## കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സർക്കാരിന്റെയും സർവ്വകലാശാലകളുടെയും സർവ്വകലാശാല അദ്ധ്യാപകരുടെയും വിദഗ്ദ്ധന്മാരുടെയും ജനപ്രതിനിധികളുടെയും കൂട്ടായ്മയോടെ, അവർക്കിടയിൽ സുദൃഢമായ ബന്ധം വാർത്തെടുക്കുന്നതിനും, സർക്കാരിനും സർവ്വകലാശാലകൾക്കും ഇടയിലും സർവ്വകലാശാലകൾക്കും ഉന്നതതല ക്രമീകരണ നികായകങ്ങൾക്കും ഇടയിലും ഉള്ള പ്രവർത്തനമണ്ഡലം സ്വായത്തമാക്കിക്കൊണ്ട്, (i) സംസ്ഥാനത്തെ എല്ലാ ഉന്നതപഠന സ്ഥാപനങ്ങളിലും സ്വയംഭരണവും ഉത്തരവാദിത്വവും ഉറപ്പുവരുത്തുക, (ii) സംസ്ഥാന സർക്കാരിന്റെ നയരൂപീകരണത്തിനും ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണത്തിനും അക്കാഡമിക് ഇൻപുട്ട് വ്യവസ്ഥ ചെയ്തുകൊണ്ട് അക്കാഡമിക് മികവും സാമൂഹ്യ നീതിയും പരിപോഷിപ്പിക്കുക, (iii) സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക ആവശ്യങ്ങൾക്കനുസൃതമായി ഉന്നതവിദ്യാഭ്യാസത്തിന്റെ വളർച്ചയെ നയിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഒരു സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കേണ്ടത് യുക്തമായിരിക്കയാലും ;

മാത്രമല്ല, മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും (i) സർവ്വകലാശാലകളും, ഗവേഷണസ്ഥാപനങ്ങളും, കലാലയങ്ങളും ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നയങ്ങൾ നടപ്പിലാക്കുന്നത് ഏകോപിപ്പിക്കുന്നതിനും പുനരവലോകനം ചെയ്യുന്നതിനും, (ii) കേന്ദ്രവും സംസ്ഥാന സർക്കാരുകളും സർവ്വകലാശാല ധനസഹായ കമ്മീഷൻ ഉൾപ്പെടെ ദേശീയ തലത്തിലുള്ള ക്രമീകരണ നികായങ്ങളും, അഖില ഭാരത സാങ്കേതിക വിദ്യാഭ്യാസ കൗൺസിലും, ഭാരത വൈദ്യശാസ്ത്ര കൗൺസിലും, ഭാരത അഭിഭാഷക കൗൺസിലും മറ്റ് സമാന സ്റ്റാറ്റ്യൂട്ടറി നികായങ്ങളും ഏറ്റെടുത്തിട്ടുള്ളതും പ്രോത്സാഹിപ്പിച്ച് വരുന്നതുമായ ഉന്നത വിദ്യാഭ്യാസത്തിന്റെ വിവിധ പരിപാടികളുടെ നെറ്റ്‌വർക്കിനും, (iii) ഉന്നത വിദ്യാഭ്യാസത്തിൽ നൂതന ആശയങ്ങൾ ആവിഷ്ക്കരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായുള്ള സ്വതന്ത്ര ജോലികൾ ഏറ്റെടുക്കുന്നതിനും, (iv) എല്ലാ സർവ്വകലാശാലകളിലും, ഗവേഷണസ്ഥാപനങ്ങളിലും, കലാലയങ്ങളിലും ഉന്നത പഠനത്തിനായുള്ള മറ്റ് കേന്ദ്രങ്ങളിലും പൊതുവായ സൗകര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും, (v) ഉന്നത വിദ്യാഭ്യാസത്തിന്റെ വികസനത്തിനും വ്യാപനത്തി

നുമായുള്ള ഫണ്ടുകൾ സ്വരൂപിക്കുന്നതിനും പരമാവധി ഉപയോഗപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനും, (vi) വിദ്യാഭ്യാസത്തിൽ സാമൂഹ്യനീതിയും മികവും ലക്ഷ്യമാക്കിക്കൊണ്ട് അത്തരത്തിലുള്ള മറ്റ് പരിപാടികൾ ഏറ്റെടുത്ത് പ്രോത്സാഹിപ്പിക്കുന്നതിനും കൗൺസിലിനെ അധികാരപ്പെടുത്തേണ്ടത് ആവശ്യമായിരിക്കുന്നതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 2007, ജനുവരി 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.—

(എ) "ഉപദേശക സമിതി" എന്നാൽ കൗൺസിലിന്റെ ഉപദേശക സമിതി എന്നർത്ഥമാകുന്നു ;

(ബി) "അഖില ഭാരത സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ" എന്നാൽ 1987-ലെ അഖില ഭാരത സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ ആക്റ്റ് (1987-ലെ 52-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രൂപവൽക്കരിക്കപ്പെട്ട കൗൺസിൽ എന്നർത്ഥമാകുന്നു ;

(സി) "ഭാരത അഭിഭാഷക കൗൺസിൽ" എന്നാൽ 1961-ലെ അഭിഭാഷക ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രൂപവൽക്കരിക്കപ്പെട്ട കൗൺസിൽ എന്നർത്ഥമാകുന്നു ;

(ഡി) "ചെയർമാൻ" എന്നാൽ കൗൺസിലിന്റെ ചെയർമാൻ എന്നർത്ഥമാകുന്നു ;

(ഇ) "കലാലയം" എന്നാൽ ഒരു സർവ്വകലാശാലയുമായി സംയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനം എന്നർത്ഥമാകുന്നു ;

(എഫ്) "കൗൺസിൽ" എന്നാൽ 3-ാം വകുപ്പു പ്രകാരം രൂപവൽക്കരിക്കപ്പെട്ട കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്നർത്ഥമാകുന്നു ;

(ജി) "നിർവ്വാഹക സമിതി" എന്നാൽ കൗൺസിലിന്റെ നിർവ്വാഹക സമിതി എന്നർത്ഥമാകുന്നു ;

(എച്ച്) "ഭരണ സമിതി" എന്നാൽ കൗൺസിലിന്റെ ഭരണ സമിതി എന്നർത്ഥമാകുന്നു ;

(ഐ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ജെ) "ഉന്നത വിദ്യാഭ്യാസം" എന്നാൽ ഒരു സർവ്വകലാശാലയോ അല്ലെങ്കിൽ

സർവ്വകലാശാലയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതോ ആയ ബിരുദമോ, ഡിപ്ലോമയോ അല്ലെങ്കിൽ സർട്ടിഫിക്കറ്റോ ലഭിക്കാനർഹമാക്കുന്ന വിദ്യാഭ്യാസമോ ഗവേഷണ പഠനങ്ങളോ എന്നർത്ഥമാകുന്നു ;

(കെ) "സ്ഥാപനം" എന്നാൽ ഒരു സർവ്വകലാശാല നടത്തുന്നതോ അതുമായി ബന്ധപ്പെട്ടതോ സർവ്വകലാശാലയുടെ വിശേഷാവകാശങ്ങൾ അനുവദിച്ചിട്ടുള്ളതോ ആയ ഉന്നത പഠനത്തിനും ഗവേഷണത്തിനുമായുള്ള കലാലയമല്ലാത്ത ഒരു പഠന സ്ഥാപനം എന്നർത്ഥമാകുന്നു ;

(എൽ) "ഭാരത വൈദ്യശാസ്ത്ര കൗൺസിൽ" എന്നാൽ 1970-ലെ ഭാരത വൈദ്യശാസ്ത്ര കേന്ദ്ര കൗൺസിൽ ആക്റ്റ് (1970-ലെ 48-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രൂപവൽക്കരിക്കപ്പെട്ട കൗൺസിൽ എന്നർത്ഥമാകുന്നു ;

(എം) "അംഗം" എന്നാൽ അതതു സംഗതിപോലെ, ഉപദേശക സമിതിയുടേയോ ഭരണ സമിതിയുടേയോ നിർവ്വാഹകസമിതിയുടേയോ ഒരു അംഗം എന്നർത്ഥമാകുന്നു ;

(എൻ) "അദ്ധ്യാപക വിദ്യാഭ്യാസത്തിനായുള്ള ദേശീയ കൗൺസിൽ" എന്നാൽ 1993-ലെ അദ്ധ്യാപക വിദ്യാഭ്യാസത്തിനായുള്ള ദേശീയ കൗൺസിൽ ആക്റ്റ് (1993-ലെ 73-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രൂപവൽക്കരിക്കപ്പെട്ട കൗൺസിൽ എന്നർത്ഥമാകുന്നു ;

(ഒ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(പി) "രക്ഷാധികാരി" എന്നാൽ കൗൺസിലിന്റെ രക്ഷാധികാരി എന്നർത്ഥമാകുന്നു ;

(ക്യൂ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ആർ) "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം ഭരണസമിതി ഉണ്ടാക്കിയ റഗുലേഷനുകൾ എന്നർത്ഥമാകുന്നു ;

(എസ്) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു ;

(റ്റി) ഒരു സർവ്വകലാശാലയുടെ "സ്റ്റാറ്റ്യൂട്ടുകൾ" "ഓർഡിനൻസുകൾ" "റഗുലേഷനുകൾ" എന്നാൽ യഥാക്രമം ഒരു സർവ്വകലാശാല അതിന്റെ യഥാനുക്രമമുള്ള ആക്റ്റുകൾ പ്രകാരം പുറപ്പെടുവിച്ചതായ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നർത്ഥമാകുന്നു ;

(യു) "അദ്ധ്യാപകൻ" എന്നാൽ സർവ്വകലാശാലയാൽ നിയമനം അഗീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരദ്ധ്യാപകൻ എന്നർത്ഥമാകുന്നു ;

(വി) "സർവ്വകലാശാല" എന്നാൽ സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് പ്രകാരം സ്ഥാപിക്കപ്പെട്ട സംസ്ഥാനത്തിലെ ഏതെങ്കിലും സർവ്വകലാശാല എന്നർത്ഥമാകുന്നു ;

(ഡബ്ല്യു) "സർവ്വകലാശാല ധനസഹായ കമ്മീഷൻ" എന്നാൽ 1956-ലെ സർവ്വകലാശാല ധനസഹായ കമ്മീഷൻ ആക്റ്റ് (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള കമ്മീഷൻ എന്നർത്ഥമാകുന്നു ;

(എക്സ്) "വൈസ്-ചെയർമാൻ" എന്നാൽ കൗൺസിലിന്റെ വൈസ്-ചെയർമാൻ എന്നർത്ഥമാകുന്നു ;

(വൈ) "സന്ദർശകൻ" എന്നാൽ കൗൺസിലിന്റെ സന്ദർശകൻ എന്നർത്ഥമാകുന്നു ;

3. കൗൺസിലിന്റെ രൂപവൽക്കരണം.—(1) സർക്കാരിന്, വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കാവുന്ന അപ്രകാരമുള്ള തീയതി മുതൽ പ്രാബല്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്ന് അറിയപ്പെടുന്ന ഒരു കൗൺസിൽ രൂപവൽക്കരിക്കാവുന്നതാണ്.

(2) കൗൺസിൽ ശാശ്വത പിൻതുടർച്ചാവകാശത്തോടും ഒരു പൊതുമുദ്രയോടും കൂടിയ, മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കപ്പെടാവുന്നതും വ്യവഹരിക്കപ്പെടേണ്ടതുമാണ്.

(3) കൗൺസിലിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. കൗൺസിലിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും.—കൗൺസിലിന് താഴെപ്പറയുന്ന ഉത്തരവാദിത്വങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സർക്കാരിനും, സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും, ഗവേഷണ സ്ഥാപനങ്ങൾക്കും, മറ്റ് ഉന്നതപഠന കേന്ദ്രങ്ങൾക്കും ഉന്നത വിദ്യാഭ്യാസത്തിൽ നയരൂപീകരണം നടത്തുന്നതിനും നടപ്പിലാക്കുന്നതിനും ഉന്നത വിദ്യാഭ്യാസത്തിൽ ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും, സർവ്വകലാശാലകളിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഉള്ള അഭ്യർത്ഥനപ്രകാരമോ സർക്കാരിന്റെ നിർദ്ദേശപ്രകാരമോ അല്ലെങ്കിൽ സ്വമേധയായോ അക്കാദമിക് ഇൻപുട്ട് വ്യവസ്ഥ ചെയ്യുന്നതിന് ;

(ബി) ഉന്നത വിദ്യാഭ്യാസത്തിൽ അക്കാദമിക് മികവും സാമൂഹ്യനീതിയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നൂതന ആശയങ്ങൾ ആവിഷ്ക്കരിക്കുന്നതിനായി സ്വതന്ത്രമായ ഗവേഷണം ഏറ്റെടുക്കുന്നതിനും, ഉന്നതപഠനത്തിനായുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും നൂതനാശയങ്ങൾ നടപ്പാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതികൾ നിർദ്ദേശിക്കുന്നതിനും അല്ലെങ്കിൽ തുടങ്ങുന്നതിനും ;

(സി) സംസ്ഥാനത്തിനുവേണ്ടി മാനവവിഭവശേഷി വികസന ആസൂത്രണം ഏറ്റെടുക്കുന്നതിനും അപ്രകാരമുള്ള ആസൂത്രണത്തിനനുസൃതമായി ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയും പുരോഗതിയും ആസൂത്രണം ചെയ്യുന്നതിനും ;

(ഡി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും രാജ്യത്തിനു പുറത്തുള്ള സ്ഥാപനങ്ങൾക്കും തമ്മിൽ അന്തർദേശീയ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശ രേഖകൾ ആവിഷ്ക്കരിക്കുന്നതിനും ;

(ഇ) സംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹികവും സാംസ്ക്കാരികവുമായ പുരോഗതിക്കായി ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രസക്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും ;

(എഫ്) വിവിധ കോഴ്സുകൾക്കുള്ള പ്രവേശനങ്ങൾ നിയന്ത്രിക്കുന്നതിനും ഉന്നത വിദ്യാഭ്യസത്തിനുള്ള സർവ്വകലാശാലകളിലേയും കലാലയങ്ങളിലേയും മറ്റു സ്ഥാപനങ്ങളിലേയും അദ്ധ്യാപകരുടേയും അദ്ധ്യാപക-മേധാവികളുടേയും തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് വേണ്ടിയുള്ള സമുചിതമായ മാർഗ്ഗനിർദ്ദേശ രേഖകൾ ആവിഷ്ക്കരിക്കുന്നതിനും ;

(ജി) മാറിവരുന്ന സാമൂഹികവും വൈജ്ഞാനികവുമായ ആവശ്യങ്ങൾക്കനുസൃതമായി പാഠ്യപദ്ധതിയിലും പാഠ്യക്രമത്തിലും മെച്ചപ്പെടുത്തലുകൾ നിർദ്ദേശിക്കുന്നതിനും, വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പാഠപുസ്തകങ്ങളും വിദ്യാഭ്യാസ സംബന്ധിയായ സോഫ്റ്റ്വെയറുകളും ഇ-ലേണിംഗ് സൗകര്യങ്ങളും ഉൾപ്പെടെയുള്ള സമുചിതമായ അദ്ധ്യാപന സാമഗ്രികളുടെ വിപുലീകരണത്തിനും പ്രസിദ്ധീകരണത്തിനും സൗകര്യമുണ്ടാക്കുന്നതിനും ;

(എച്ച്) ഉന്നത വിദ്യാഭ്യാസ അദ്ധ്യാപകരുടെയും വിദ്യാഭ്യാസ മേധാവികളുടേയും അതുപോലുള്ള മറ്റ് ആളുകളുടെയും അറിവും പ്രത്യേക കഴിവുകളും പുതുക്കുന്നതിനും പരിശീലനത്തിനായി ഹ്രസ്വകാല കോഴ്സുകൾ സംഘടിപ്പിക്കുന്നതിനും ;

(ഐ) സംസ്ഥാനത്ത് പുതിയ പഠനക്രമങ്ങളും കലാലയങ്ങളും മറ്റ് ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുന്നതിനായി സർക്കാരിന് ഉപദേശം നൽകുന്നതിനും ;

(ജെ) ഈ ആക്റ്റിന്റെ ലക്ഷ്യങ്ങൾക്കനുസൃതമായി ഫണ്ടുകൾ സ്വരൂപിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും ;

(കെ) സർവ്വകലാശാലകൾക്ക് സർക്കാർ ഗ്രാന്റുകൾ നൽകുന്നതിനായി പൊതുവെയുള്ള മാർഗ്ഗനിർദ്ദേശ രേഖകൾ ആവിഷ്ക്കരിക്കുന്നതിനും ഓരോ സർവ്വകലാശാലകൾക്കും അപ്രകാരമുള്ള ഗ്രാന്റുകൾ നൽകുന്നതിനെ സംബന്ധിച്ച് സർക്കാരിനെ ഉപദേശിക്കുന്നതിനും ;

(എൽ) ഉന്നത വിദ്യാഭ്യാസത്തിന് പക്ഷപാതരഹിതമായ അവസരങ്ങൾ നൽകുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, ആവശ്യക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഫ്രീഷിപ്പുകളും സാമ്പത്തിക സഹായവും നൽകുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും മറ്റ് കേന്ദ്ര-സംസ്ഥാന തലത്തിലുള്ള ഫണ്ടിംഗ് ഏജൻസികളുടെയും പട്ടികജാതി-പട്ടികഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിനായുള്ള കർമ്മ പരിപാടികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ;

(എം) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടുകളും, ഓർഡിനൻസുകളും, റഗുലേഷനുകളും കാലികമായി പുതുക്കുന്നതിനും വിദ്യാഭ്യാസത്തിൽ മികവും, സാമൂഹ്യനീതിയും കൈവരിക്കുന്നതിനുള്ള ലക്ഷ്യം നിറവേറ്റുന്നതിനായി യഥോചിതമായ

മെച്ചപ്പെടുത്തലുകൾ നിർദ്ദേശിക്കുന്നതിനും നിലവിലുള്ള സർവ്വകലാശാലകൾക്കും, മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അല്ലെങ്കിൽ പുതിയ സർവ്വകലാശാലകൾക്കും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പുതിയ സ്റ്റാറ്റ്യൂട്ടുകളുടെയും, ഓർഡിനൻസുകളുടെയും, റഗുലേഷനുകളുടെയും ചട്ടക്കൂടുതൽ നിർദ്ദേശിക്കുന്നതിനും ;

(എൻ) സംസ്ഥാനത്തുടനീളം പൊതുവായ സൗകര്യങ്ങൾ നൽകുന്നതിനായി കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടും, അതായത് :—

(i) ഉന്നത വിദ്യാഭ്യാസത്തിലെ നയങ്ങളിന്മേൽ ഗവേഷണം നടത്തുന്നതിനുള്ള കേന്ദ്രം ;

(ii) പാഠ്യപദ്ധതി വികസന കേന്ദ്രം ;

(iii) വിദ്യാഭ്യാസ മേധാവികളുടെയും, വിദ്യാഭ്യാസ ഭരണാധികാരികളുടെയും കഴിവ് മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്രം ;

(iv) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സംസ്ഥാന കൗൺസിൽ ;

(v) പരീക്ഷാ പരിഷ്ക്കരണ സെൽ ;

(vi) മാനവശേഷി വികസനവും തൊഴിലും ആഗോള സമർത്ഥതയും, വികസന സെൽ ;

(ഒ) ഉന്നത വിദ്യാഭ്യാസത്തിനുള്ള നയങ്ങൾ ആവിഷ്ക്കരിക്കുന്നതിനുമുൻപ് അതിന്റെ വിപുലമായ സാദ്ധ്യതകൾ ആരായുന്നതിനായി വിദഗ്ദ്ധൻമാരുമായും സമുന്നതരുമായും പരമാവധി കൂടിയാലോചനകൾ നടത്തുക എന്ന ലക്ഷ്യത്തോടുകൂടി സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുന്നതിനും ;

(പി) സംസ്ഥാന സർക്കാർ സർവ്വകലാശാലകൾ, കലാലയങ്ങൾ, സംസ്ഥാനത്തെ ഉന്നത പഠനത്തിനായുള്ള മറ്റ് സ്ഥാപനങ്ങൾ, കേന്ദ്രസർക്കാർ ദേശീയ തലത്തിലുള്ള മറ്റ് ക്രമീകരണ നികായങ്ങൾ എന്നീ വ്യത്യസ്ഥ ഏജൻസികളുടെ ബന്ധം സുദൃഢമാക്കുന്നതിനും പരിപോഷിപ്പിക്കുന്നതിന് സൗകര്യപ്പെടുത്തുന്നതിനും ;

(ക്യു) ഭാരത ഭൂപ്രദേശത്തിനുള്ളിലുള്ളതും, സർവ്വകലാശാല ധനസഹായ കമ്മീഷൻ, അഖില ഭാരത സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ, അദ്ധ്യാപക വിദ്യാഭ്യാസത്തിനായുള്ള ദേശീയ കൗൺസിൽ, ഭാരത വൈദ്യശാസ്ത്ര കൗൺസിൽ, ഭാരത അഭിഭാഷക കൗൺസിൽ അത്തരത്തിലുള്ള മറ്റ് സ്റ്റാറ്റ്യൂട്ടറി നികായങ്ങൾ കൂടാതെ സംസ്ഥാന നിലവാരത്തിലുള്ള സ്ഥാപനങ്ങളായ സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, കലാലയങ്ങൾ, ഉന്നത പഠനത്തിനായുള്ള മറ്റ് സംസ്ഥാന സ്ഥാപനങ്ങൾ എന്നിവപോലുള്ളവയും കേന്ദ്രവും സംസ്ഥാനസർക്കാരുകളും ഏറ്റെടുത്തിട്ടുള്ളതും പ്രോത്സാഹിപ്പിക്കുന്നതുമായ വിവിധ പരിപാടികൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷണം നടത്തുന്നതിനും ;

(ആർ) ഗവേഷണം, വ്യവസായം, കൃഷി, സേവനം എന്നീ മേഖലകൾ തമ്മിൽ സമ്പർക്കം പുലർത്തുന്നതിനായി ഒരു ചർച്ചാ വേദിക്ക് വ്യവസ്ഥ ചെയ്യുന്നതിനും ;

(എസ്) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പ്രധാന പ്രശ്നങ്ങളിന്മേൽ സെമിനാറുകളും ശില്പശാലകളും നടത്തുന്നതിന് സൗകര്യമുണ്ടാക്കുന്നതിനും ;

(റ്റി) ഗവേഷണവും പഠന പ്രക്രിയകളും തമ്മിൽ ബന്ധപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഏറ്റെടുക്കുന്നതിനും ;

(യു) വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സാമൂഹിക പ്രശ്നങ്ങളിൽ പ്രതിബദ്ധരാക്കുന്നതിനായി സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും കലാലയങ്ങളിലും കലാലയ ബാഹ്യ വിദ്യാഭ്യാസ പദ്ധതി ഏർപ്പെടുത്തുന്നതിനും അവ പഠന ക്രമത്തിൽ ഉൾപ്പെടുത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനും ;

(വി) കലാലയങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും കായികവും സാംസ്ക്കാരികവുമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ പാഠ്യ പദ്ധതികളുമായി സംയോജിപ്പിക്കുന്നതിനും ;

(ഡബ്ല്യു) ഉന്നത വിദ്യഭ്യാസത്തിൽ സാമൂഹിക നീതിയും മികവും എന്ന ഇരട്ട ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി അത്തരത്തിലുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുന്നതിനും ;

(എക്സ്) സർവ്വകലാശാലകളിലും ഉന്നത പഠനത്തിനായുള്ള മറ്റ് സ്ഥാപനങ്ങളിലും ജനാധിപത്യവൽക്കരണവും പഠന സ്വയംഭരണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനും ;

(വൈ) വിദ്യാർത്ഥികളെ പാരിസ്ഥിതിക പ്രശ്നങ്ങളിലും ലിംഗാവബോധ പ്രശ്നങ്ങളിലും പ്രതികരിക്കുന്നതിന് സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ;

5. രക്ഷാധികാരി.—(1) കേരള ഗവർണ്ണർ അദ്ദേഹത്തിന്റെ സ്ഥാനം ഹേതുവായി കൗൺസിലിന്റെ രക്ഷാധികാരിയായിരിക്കുന്നതാണ്.

(2) കൗൺസിലിന്റെ പ്രവർത്തനം സംബന്ധിച്ച ഏതു കാര്യത്തിലും റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും കൗൺസിലിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും രക്ഷാധികാരിക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(3) രക്ഷാധികാരിക്ക്, അപ്രകാരം താൽപര്യമുള്ളപക്ഷം, കൗൺസിലിന്റെ ഏതൊരു യോഗത്തെയും അഭിസംബോധന ചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

6. സന്ദർശകൻ.—(1) കേരളത്തിന്റെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ സ്ഥാനം ഹേതുവായി കൗൺസിലിന്റെ സന്ദർശകൻ ആയിരിക്കുന്നതാണ്.

(2) കൗൺസിലിന്റെ പ്രവർത്തനം സംബന്ധിച്ച ഏതു കാര്യത്തിലും റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും കൗൺസിലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സന്ദർശകന് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) സന്ദർശകൻ ഹാജരുള്ളപക്ഷം ഉപദേശക സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

7. ചെയർമാൻ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന മന്ത്രി സ്ഥാനം ഹേതുവായി കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്.

(2) കൗൺസിലിന്റെ പ്രവർത്തനത്തെ സംബന്ധിച്ച ഏതു കാര്യത്തിലും റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും കൗൺസിലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ചെയർമാന് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) സന്ദർശകന്റെ അസാന്നിദ്ധ്യത്തിൽ ചെയർമാൻ ഹാജരുള്ള പക്ഷം ഉപദേശക സമിതി യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതും കൂടാതെ ഭരണസമിതി യോഗത്തിലും ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

8. വൈസ്-ചെയർമാൻ.—(1) കൗൺസിലിന്റെ വൈസ്-ചെയർമാനായി ഒരു മുൻ വൈസ്-ചാൻസലർക്ക് മുൻഗണന കൊടുത്തുകൊണ്ട് പ്രഗത്ഭനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ സർക്കാർ നിയമിക്കേണ്ടതാണ്.

(2) വൈസ്-ചെയർമാൻ കൗൺസിലിന്റെ കാര്യനിർവ്വാഹകൻ ആയിരിക്കുന്നതാണ്.

(3) സന്ദർശകന്റെയും കൗൺസിലിന്റെ ചെയർമാന്റേയും അസാന്നിദ്ധ്യത്തിൽ വൈസ്-ചെയർമാൻ ഉപദേശക സമിതിയുടെയും ഭരണ സമിതിയുടെയും യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

9. മെമ്പർ സെക്രട്ടറി.—(1) കൗൺസിലിന്റെ മെമ്പർ സെക്രട്ടറിയായി ഭരണ പരിചയത്തിന് മുൻഗണന നൽകി ഒരു വിദ്യാഭ്യാസ വിചക്ഷണനെ സർക്കാർ നിയമിക്കേണ്ടതാണ്.

(2) കൗൺസിലിന്റെ വിദ്യാഭ്യാസപരമായ ചുമതലകളുടെ ഏകീകരണത്തിന്റെ ഉത്തരവാദിത്വം മെമ്പർ-സെക്രട്ടറിക്കായിരിക്കുന്നതാണ്.

10. രജിസ്ട്രാർ.—(1) കൗൺസിലിന്റെ രജിസ്ട്രാറായി സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉയർന്ന ഉദ്യോഗസ്ഥനെ സർക്കാർ നിയമിക്കേണ്ടതാണ്.

(2) കൗൺസിലിന്റെ ഭരണ ചുമതലയുടെ ഉത്തരവാദിത്വം രജിസ്ട്രാർക്ക് ആയിരിക്കുന്നതാണ്.

(3) കൗൺസിലിനു വേണ്ടിയോ എതിരെയോ ഉള്ള എല്ലാ വ്യവഹാരങ്ങളിലും മറ്റ് നിയമനടപടികളിലും രജിസ്ട്രാർ കൗൺസിലിനെ പ്രതിനിധീകരിക്കേണ്ടതാണ്.

11. കൗൺസിലിന്റെ ഘടന.—(1) കൗൺസിലിൽ താഴെപ്പറയുന്ന നികായങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(എ) ഉപദേശക സമിതി ;

(ബി) ഭരണസമിതി ;

(സി) കാര്യനിർവ്വഹണ സമിതി ;

(2) കൗൺസിലിന്റെ കാലാവധി അത് രൂപവൽക്കരിച്ച തീയതി മുതൽ നാലു വർഷക്കാലമായിരിക്കുന്നതാണ്.

12. <u>ഉപദേശക സമിതി</u> :—ഉപദേശക സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നതാണ്, അതായത്.—

(എ) സന്ദർശകൻ ;

(ബി) ചെയർമാൻ ;

(സി) നിയമസഭയിലെ പ്രതിപക്ഷനേതാവ് ;

(ഡി) ആരോഗ്യവും കുടുംബക്ഷേമവും മന്ത്രി ;

(ഇ) കൃഷി മന്ത്രി ;

(എഫ്) നിയമ മന്ത്രി ;

(ജി) വൈസ് ചെയർമാൻ ;

(എച്ച്) മെമ്പർ സെക്രട്ടറി ;

(ഐ) സർക്കാർ നാമനിർദ്ദേശം ചെയ്ത സംസ്ഥാനത്തിൽ നിന്നുള്ള രണ്ട് പാർല മെന്റംഗങ്ങൾ, ഒരാൾ ലോക സഭയിൽ നിന്നും മറ്റൊരാൾ രാജ്യസഭയിൽ നിന്നും ;

(ജെ) സ്പീക്കർ നാമനിർദ്ദേശം ചെയ്ത കേരള നിയമസഭയിലെ അഞ്ചംഗങ്ങൾ, അവരിലൊരാൾ പട്ടികജാതി-പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട അംഗവും ഒരാൾ വനിതയും ആയിരിക്കേണ്ടതും ;

(കെ) സർക്കാർ നാമനിർദ്ദേശം ചെയ്ത സംസ്ഥാനത്തിനു പുറത്തുള്ള ഒരു സർവ്വകലാശാലയിലെ ഒരു വൈസ്-ചാൻസലർ ;

(എൽ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാൻ ;

(എം) വനിതാ കമ്മീഷന്റെ ചെയർപേഴ്സൺ ;

(എൻ) സർക്കാരിന്റെ ചീഫ് സെക്രട്ടറി ;

(ഒ) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു വ്യവസായിയോ; അല്ലെങ്കിൽ വ്യാപാരിയോ ;

(പി) കലകൾ, സാഹിത്യം എന്നീ മേഖലകളിൽ നിന്നുള്ള സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു പ്രഗത്ഭ വ്യക്തി ;

(ക്യു) അച്ചടി ദൃശ്യമാദ്ധ്യമ മേഖലകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു പ്രഗത്ഭ വ്യക്തി ;

(ആർ) സർക്കാർ നാമനിർദ്ദേശം ചെയ്ത വൈദ്യവൃത്തിയിൽ പ്രഗത്ഭനായ ഒരംഗം ;

(എസ്) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു പ്രഗത്ഭ കായികതാരം ;

(ടി) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു പ്രഗത്ഭ ശാസ്ത്രജ്ഞൻ അല്ലെങ്കിൽ സാങ്കേതിക വിദഗ്ധൻ ;

(യു) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു പ്രഗത്ഭ തോട്ടമുടമ ;

(വി) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു പ്രഗത്ഭ നിയമ വിദഗ്ധൻ ;

(ഡബ്ല്യു) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ;

(എക്സ്) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ;

(വൈ) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ;

(ഇസഡ്) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു മുനിസിപ്പൽ ചെയർ പേഴ്സൺ ;

(എഎ) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു മേയർ .

13. ഉപദേശക സമിതിയുടെ അധികാരങ്ങളും ചുമതലകളും.—ഉപദേശക സമിതി കുറഞ്ഞത് ഒരു വർഷത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഉന്നത വിദ്യാഭ്യാസം സംബന്ധിച്ച പൊതുവായ നയങ്ങളിന്മേൽ കൗൺസിലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രത്യേകം പരാമർശം നടത്തിക്കൊണ്ട് സുചിന്തിതമായ തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്.

14. ഭരണസമിതി.—ഭരണസമിതയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതാണ്; അതായത് :—

(എ) ചെയർമാൻ ;

(ബി) വൈസ് ചെയർമാൻ ;

(സി) മെമ്പർ സെക്രട്ടറി ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്ത വിവിധ പഠനശാഖകളിൽ നിന്നും പ്രശസ്തരായ അഞ്ച് വിദ്യാഭ്യാസ വിചക്ഷണന്മാർ അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ ഉൾപ്പെട്ടത് ആയരിക്കേണ്ടതും ;

(ഇ) എല്ലാ സർവ്വകലാശാലകളിലെയും വൈസ് ചാൻസിലർമാർ ;

(എഫ്) ഓരോ സർവ്വകലാശാലയിലെയും അക്കാഡമിക് കൗൺസിലിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി ;

(ജി) സർവ്വകലാശാല യൂണിയനിലെ സർക്കാർ നാമനിർദ്ദേശം ചെയ്ത രണ്ടു വിദ്യാർത്ഥി പ്രതിനിധികൾ അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതും ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കലാലയ ബാഹ്യവിദ്യാഭ്യാസ മേഖലയിൽ സ്വന്തമായി പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരാൾ ;

(ഐ) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു ഗവേഷണ സ്ഥാപനത്തിന്റെ ഡയറക്ടർ ;

(ജെ) വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള സംസ്ഥാന ആസൂത്രണ ബോർഡിലെ അംഗം ;

(കെ) ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സർവ്വകലാശാല ധനസഹായ കമ്മീഷന്റെ ഒരു നോമിനി, *എക്സ്-ഒഫിഷ്യോ* ;

(എൽ) സർക്കാർ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, *എക്സ്-ഒഫീഷ്യോ* ;

(എം) സർക്കാർ സെക്രട്ടറി, ധനകാര്യ വകുപ്പ്, *എക്സ്-ഒഫിഷ്യോ* ;

(എൻ) ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം, *എക്സ്-ഒഫിഷ്യോ* ;

(ഒ) ഡയറക്ടർ, വൈദ്യശാസ്ത്ര വിദ്യാഭ്യാസം, *എക്സ്-ഒഫിഷ്യോ* ;

(പി) എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, കേരള സംസ്ഥാന ശാസ്ത്ര, സാങ്കേതിക പരിസ്ഥിതി കൗൺസിൽ, *എക്സ്-ഒഫിഷ്യോ* ;

(ക്യു) കലാലയ വിദ്യാഭ്യാസ ഡയറക്ടർ, *എക്സ്-ഒഫിഷ്യോ*,

(ആർ) കൃഷി ഡയറക്ടർ, *എക്സ്-ഒഫിഷ്യോ.*

15. ഭരണസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—ഭരണസമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ് ; അതായത്:—

(എ) എല്ലാ നയപരമായ തീരുമാനങ്ങളും എടുക്കുന്നത് അതിന്റെ ചുമതലയായിരിക്കുന്നതും ;

(ബി) നയപരമായ തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള ദീർഘവീക്ഷണ ത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും നടപ്പാക്കേണ്ട വിവിധ പരിപാടികൾ ആവിഷ്ക്കരിക്കുകയും അത്തരം പരിപാടികൾ നടപ്പാക്കുന്നതിനു വേണ്ടിയുള്ള മുൻഗണന അത് നിശ്ചയിക്കേണ്ടതും ;

(സി) നിർണ്ണയിക്കപ്പെടാവുന്ന അത്തരം രീതിയിൽ ചെലവിന്റെ ആഡിറ്റു ചെയ്ത വിവരണങ്ങളും വാർഷിക ബജറ്റും അത് അംഗീകരിക്കേണ്ടതും ;

(ഡി) അതിന്റെ പ്രവർത്തനങ്ങൾ സ്വയം വിലയിരുത്തൽ നടത്തി അതിന്റെ അക്കാഡമിക് പ്രവർത്തനത്തിന്റെ വിശദവിവരങ്ങളുടെ വാർഷിക റിപ്പോർട്ട് അത് തയ്യാറാക്കേണ്ടതും ;

(ഇ) അതിന്റെ ഉദ്ദേശ്യങ്ങൾക്കനുസൃതമായി കൗൺസിലിന്റെ ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായേക്കാവുന്ന അത്തരം നിർദ്ദേശങ്ങൾ നിർവ്വാഹക സമിതിക്ക് അത് നൽകേണ്ടതും ;

(എഫ്) അത് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഈ ആക്റ്റിനും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും അനുസൃതമായി റഗുലേഷനുകൾ ഉണ്ടാക്കേണ്ടതും ;

(ജി) അതിന് സർക്കാരിൽനിന്നും സർവ്വകലാശാലകളിലേക്കുള്ള ധനസഹായം കൈമാറ്റം ചെയ്യുന്നതിനുള്ള പൊതുവ്യവസ്ഥകൾ തീരുമാനിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതും ;

(എച്ച്) അതിന് സംസ്ഥാനത്തെ സർവ്വകലാശാലകളുടേയും മറ്റു ഉന്നതപഠന സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉത്തരവാദിത്വത്തിന്റെ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും ;

(ഐ) അതിന് സംസ്ഥാനത്തെ ഉന്നതപഠനത്തിനുള്ള മറ്റു ഉന്നതപഠന സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കലാശാലകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നതപഠന സ്ഥാപനങ്ങളിന്മേലും കൗൺസിലിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് സർക്കാരിന് ഉപദേശം കൊടുക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും ;

(ജെ) അതിന് ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾക്കനുസൃതമായി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പരിപാടികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് അത്തരത്തിലുള്ള മറ്റ് അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും ;

(കെ) അതിന് റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന അത്തരം ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അത്തരം സ്ഥലത്തും സമയത്തും അതിന് ആവശ്യമെന്ന് കരുതുമ്പോൾ യോഗം ചേരാവുന്നതും എന്നാൽ അത് ഒരു വർഷത്തിൽ രണ്ട് തവണയെങ്കിലും യോഗം ചേരേണ്ടതുമാണ് ;

(എൽ) അംഗത്വത്തിൽ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപവൽക്കരണത്തിൽ ഉള്ള എന്തെങ്കിലും ന്യൂനതയോ ഉണ്ടായിരുന്നാൽത്തന്നെയും അതിന് പ്രവർത്തിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതും കൂടാതെ അംഗമാകാൻ യോഗ്യതയില്ലാത്ത ചിലയാളുകൾ ഭരണസമിതിയുടെ നടപടിയിൽ ഹാജരാകുകയോ അഥവാ മറ്റ് വിധത്തിൽ നടപടികളിൽ പങ്കെടുക്കുകയോ ചെയ്താൽ തന്നെയും ഭരണസമിതിയുടെ നടപടികൾ സാധുവായിരിക്കുന്നതുമാണ്.

16. നിർവ്വാഹക സമിതി.—കൗൺസിലിന് ഭരണ സമിതിയിലെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു നിർവ്വാഹക സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) വൈസ്-ചെയർമാൻ ;

(ബി) മെമ്പർ സെക്രട്ടറി ;

(സി) ഒരു വർഷക്കാലയളവിലേക്ക് ആവർത്തനക്രമമായി സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള വൈസ്-ചാൻസിലർമാരിൽ ഒരാൾ ;

(ഡി) 14-ാം വകുപ്പിലെ (ഡി) ഖണ്ഡത്തിൻ കീഴിൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള അഞ്ച് വിദ്യാഭ്യാസ വിചക്ഷണൻമാർ ;

(ഇ) സർക്കാർ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, *എക്സ്-ഒഫിഷ്യോ.*

17. നിർവ്വാഹക സമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—നിർവ്വാഹക സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) നയപരമായ കാര്യങ്ങൾ ഉൾപ്പെട്ടിരുന്നാൽത്തന്നെയും അതിന് ഭരണസമിതിയുടെ യോജിപ്പിന് വിധേയമായി എല്ലാ സംഗതികളിലും കൗൺസിലിനുവേണ്ടി തീരുമാനമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ബി) അത് ഭരണസമിതി എടുത്തിട്ടുള്ള എല്ലാ തീരുമാനങ്ങളും നടപ്പിലാക്കുന്നതിനും ഈ ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അപ്രകാരമുള്ള ചെലവുകൾ വഹിക്കേണ്ടതാണ്.

(സി) കൗൺസിലിന്റെ മാർഗ്ഗ നിർദ്ദേശക രേഖകളും നിർദ്ദേശങ്ങളും ഏകോപിപ്പിക്കുന്നതിനും അവയുടെ ഫലപ്രദമായ വിനിമയം ഉറപ്പുവരുത്തുന്നതിനും അതിലെ ഒരു അംഗത്തെ ഓരോ സർവ്വകലാശാലയിലേയും സിൻഡിക്കേറ്റിലേക്ക് നാമനിർദ്ദേശം ചെയ്യേണ്ടതാണ് ;

(ഡി) കൗൺസിലിന്റെ വാർഷിക അക്കാഡമിക് റിപ്പോർട്ടും സാമ്പത്തിക ആഡിറ്റ് റിപ്പോർട്ടുകളും ഉപദേശക സമിതിയുടെ മുമ്പാകെ അതിന്റെ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് ;

(ഇ) കൗൺസിലിന്റെ വാർഷിക അക്കാഡമിക് റിപ്പോർട്ടും സാമ്പത്തിക ആഡിറ്റ് റിപ്പോർട്ടുകളും ഭരണ സമിതിയുടെ മുമ്പാകെ അതിന്റെ അംഗീകാരത്തിനുവേണ്ടി ഹാജരാക്കേണ്ടതാണ് ;

(എഫ്) അതിന് നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.

18. പ്രത്യേക ക്ഷണിതാക്കൾ.—(1) വൈസ് ചെയർമാന്, ഈ ആക്റ്റിന്റെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി കൗൺസിലിൽ അംഗമല്ലാത്ത ഏതൊരാളേയും ഉപദേശക സമിതിയുടെയും ഭരണസമിതിയുടെയും നിർവ്വാഹക സമിതിയുടെയും പ്രത്യേക ആവശ്യങ്ങൾക്കായുള്ള വിശേഷാൽ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് രേഖാമൂലം പ്രത്യേക ക്ഷണിതാക്കളായി ക്ഷണിക്കാവുന്നതും അപ്രകാരമുള്ള ക്ഷണിതാക്കൾക്ക് യോഗങ്ങളിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ് ;

(2) പ്രത്യേക ക്ഷണിതാക്കൾ കൗൺസിലിന്റെ ഫണ്ടിൽ നിന്നും വൈസ്-ചെയർമാന് നിശ്ചയിക്കാവുന്ന അപ്രകാരമുള്ള തുകകൾ നൽകേണ്ടതാണ്.

19. യോഗങ്ങൾ.—(1) വൈസ് ചെയർമാന്റെ ഉപദേശപ്രകാരം ഉപദേശക സമിതിയുടെയും ഭരണസമിതിയുടെയും നിർവ്വാഹക സമിതിയുടെയും യോഗങ്ങൾ മെമ്പർ സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതാണ്.

(2) ഉപദേശകസമിതിയുടെയും ഭരണസമിതിയുടെയും നിർവ്വാഹക സമിതിയുടെയും യോഗങ്ങളുടെ ക്വോറം ഓരോ നികായത്തിലേയും നികത്തപ്പെട്ട അംഗങ്ങളുടെ മൂന്നിലൊന്നായിരിക്കുന്നതും തീരുമാനങ്ങൾ എടുക്കുന്നത് യോഗത്തിൽ ഹാജരായി വോട്ട് ചെയ്തവരുടെ കേവല ഭൂരിപക്ഷപ്രകാരമായിരിക്കുന്നതുമാണ്.

20. വൈസ് ചെയർമാന്റേയും മെമ്പർ സെക്രട്ടറിയുടേയും രജിസ്ട്രാറുടേയും അംഗങ്ങളുടേയും കാലാവധിയും സേവന വ്യവസ്ഥകളും.—(1) വൈസ് ചെയർമാനും മെമ്പർ സെക്രട്ടറിയും രജിസ്ട്രാറും 16-ാം വകുപ്പ് (സി) ഖണ്ഡപ്രകാരം നിർവ്വാഹക സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്തിട്ടുള്ള അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളും ഈ ആക്റ്റിലെ നിബന്ധനകൾക്ക് അനുസരിച്ച് ഉദ്യോഗത്തിൽ നിന്നു നീക്കം

ചെയ്യപ്പെടാത്തപക്ഷം, കൗൺസിലിന്റെ കാലാവധി പൂർത്തിയാകുന്നതുവരെ ഉദ്യോഗം വഹിക്കേണ്ടതാണ്. അവർക്ക് വീണ്ടും ഒരു നാല് വർഷകാലത്തേക്ക് പുനർനിയമനത്തിനും പുനർനാമനിർദ്ദേശത്തിനും, അതതു സംഗതിപോലെ അർഹത ഉണ്ടായിരിക്കുന്നതുമാണ്.

(2) വൈസ് ചെയർമാനോ, മെമ്പർ സെക്രട്ടറിക്കോ അല്ലെങ്കിൽ അംഗങ്ങൾക്കോ രേഖാമൂലം കൈയൊപ്പോടുകൂടി ചെയർമാനെ എഴുതി അറിയിച്ചുകൊണ്ട് കൗൺസിലിലെ അംഗത്വത്തിൽ നിന്നും രാജിവയ്ക്കാവുന്നതാണ് :

എന്നാൽ അയാളുടെ രാജി സ്വീകരിച്ച് രേഖാമൂലം അറിയിപ്പ് ലഭിക്കുന്നതുവരെ അയാൾ ആ ഉദ്യോഗത്തിൽ തുടരേണ്ടതാണ്.

(3) ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, വൈസ് ചെയർമാന്റേയും മെമ്പർ സെക്രട്ടറിയുടേയും രജിസ്ട്രാറുടേയും അംഗങ്ങളുടേയും മറ്റ് സേവനവ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതുമാണ്.

(4) വൈസ് ചെയർമാനും മെമ്പർ സെക്രട്ടറിയും രജിസ്ട്രാറും നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അപ്രകാരമുള്ള മറ്റ് ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

21. കൗൺസിലിലെ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യൽ.—നിയമിക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ ഒരു അംഗം തന്റെ ഉദ്യോഗം വഹിക്കുന്നതിന് യോഗ്യനല്ലെന്ന് സ്വയം തെളിയിക്കുകയോ, സ്വഭാവദൂഷ്യത്തിനോ, അല്ലെങ്കിൽ കൃത്യവിലോപത്തിനോ കുറ്റക്കാരനാണെന്ന് സർക്കാരിന് എപ്പോഴെങ്കിലും ബോദ്ധ്യപ്പെടുകയോ ചെയ്യുന്നപക്ഷം കൗൺസിലിലെ അംഗത്വത്തിൽ നിന്ന് അയാളെ നീക്കം ചെയ്യേണ്ടതാണെന്ന് സർക്കാരിന് അഭിപ്രായമുള്ളപ്പോൾ, കൗൺസിലിന്റെ അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് മതിയായ അവസരം അയാൾക്ക് നൽകിയശേഷം ആയത് പരിശോധിച്ച ശേഷവും, ഏത് സമയത്തും സർക്കാരിന് അതതു സംഗതിപോലെ ആ അംഗത്തെ അംഗമായി തുടരുന്നതിനോ, അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനോ തീരുമാനമെടുക്കാവുന്നതും, കൗൺസിലിന്റെ അംഗത്വത്തിൽ നിന്നും അപ്രാകരം നീക്കം ചെയ്യുന്ന സംഗതിയിൽ ആയത് വിജ്ഞാപനം വഴി ചെയ്യേണ്ടതുമാണ്.

22. ആകസ്മിക ഒഴിവ് നികത്തൽ.—നിയമിക്കപ്പെട്ടതോ, നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ ഒരു അംഗത്തിന്റെ ഒരു ആകസ്മിക ഒഴിവ് അയാളുടെ മരണത്താലോ, രാജിമൂലമോ, നീക്കം ചെയ്യപ്പെട്ടതുകൊണ്ടോ അല്ലെങ്കിൽ മറ്റുവിധത്തിലോ ഉണ്ടാകുന്ന പക്ഷം അങ്ങിനെയുള്ള ഒഴിവ് നാമനിർദ്ദേശത്താലോ അല്ലെങ്കിൽ നിയമനത്താലോ സർക്കാർ നികത്തേണ്ടതും അത്തരത്തിലുള്ള അംഗത്തിന് ആരുടെ സ്ഥാനത്തേക്കാണോ അയാളെ നിയമിച്ചത് അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്തത് ആ അംഗത്തിന്റെ അവശേഷിക്കുന്ന കാലയളവ് വരെ മാത്രം അതതു സംഗതിപോലെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതുമാണ്.

23. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്കോ അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്കോ റഗുലേഷനുകൾക്കോ അനുസൃതമായി, ഉത്തമ വിശ്വാസത്തിൽ ചെയ്തതോ, ചെയ്യാൻ

ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കൗൺസിലിനോ, കൗൺസിലിലെ ഏതെങ്കിലും അംഗത്തിനോ, അല്ലെങ്കിൽ ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

24. കൗൺസിലിലെ ജീവനക്കാർ.—കൗൺസിൽ, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നിന് വേണ്ടി ആവശ്യമെന്ന് അത് കരുതുന്ന അപ്രകാരമുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ നിയമിക്കേണ്ടതാണ്. കൗൺസിലിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകളും നിബന്ധനകളും കൗൺസിൽ രൂപപ്പെടുത്തുന്ന അപ്രകാരം വിനിർദ്ദേശിക്കാവുന്ന റഗുലേഷനുകൾ പ്രകാരമായിരിക്കുന്നതാണ്.

25. കൗൺസിലിന്റെ നിധികൾ.—(1) കൗൺസിലിന്റെ നിധികൾ, സർക്കാർ, കാലാകാലങ്ങളിൽ അതിന് നൽകുന്ന എല്ലാ തുകകളും, കേന്ദ്ര സർക്കാരിൽ നിന്നും ഏതെങ്കിലും സംസ്ഥാന സർക്കാരിൽ നിന്നും സർവ്വകലാശാല ധനസഹായ കമ്മീഷനിൽ നിന്നും അല്ലെങ്കിൽ മറ്റേതെങ്കിലും അതോറിറ്റിയിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, അല്ലെങ്കിൽ വ്യക്തിയിൽ നിന്നും ലഭിക്കുന്ന ഏതെങ്കിലും തുകകൾ ഉൾപ്പെടെയുള്ള മറ്റെല്ലാ വരവുകളും ഉൾപ്പെടെയുമാകുന്നു.

(2) കൗൺസിലിന്റെ പ്രവർത്തനത്തിനും, ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും വേണ്ടി ആവശ്യമെന്നു കരുതുന്ന അപ്രകാരമുള്ള തുകകൾ ഓരോ വർഷവും സർക്കാർ നൽകേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരമോ അല്ലെങ്കിൽ അതിന്റെ ആവശ്യങ്ങൾക്കായോ കൗൺസിലിനുണ്ടാകുന്ന എല്ലാ ചെലവുകളും നിധിയിൽ നിന്നും വഹിക്കേണ്ടതും അപ്രകാരമുള്ള ചെലവുകൾ നിധിയിൽ നിന്നും വഹിച്ചശേഷം ഏതെങ്കിലും തുക അധികമായി അവശേഷിക്കുന്നത് നിർണ്ണയിക്കപ്പെടുന്ന അപ്രകാരമുള്ള രീതിയിൽ നിക്ഷേപിക്കേണ്ടതുമാണ്.

26. വാർഷിക കണക്കുകളും ആഡിറ്റും.—(1) കൗൺസിലിന്റെ കണക്കുകൾ നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള ഫാറത്തിലും സൂക്ഷിച്ചു പോരേണ്ടതാണ്.

(2) നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് കൗൺസിൽ തയ്യാറാക്കേണ്ടതാണ്.

(3) കൗൺസിലിന്റെ കണക്കുകൾ, സർക്കാർ, ഇതിലേക്കായി നിയമിക്കാവുന്ന അപ്രകാരമുള്ള ആഡിറ്റർ വർഷത്തിലൊരിക്കൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ആഡിറ്റർക്ക്, ആഡിറ്റിന്റെ ആവശ്യത്തിലേയ്ക്കായി നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(5) കൗൺസിലിന്റെ മെമ്പർ സെക്രട്ടറി, ആഡിറ്റ് റിപ്പോർട്ട് അച്ചടിപ്പിക്കേണ്ടതും ആയതിന്റെ അച്ചടിച്ച ഒരു പകർപ്പ് ഓരോ അംഗത്തിനും അയച്ചുകൊടുക്കേണ്ടതും, അങ്ങനെയുള്ള റിപ്പോർട്ട് ഭരണസമിതിയുടെ അടുത്ത യോഗത്തിൽ പരിഗണനയ്ക്കായി വയ്ക്കേണ്ടതുമാണ്.

(6) ഭരണസമിതി, ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ഏതെങ്കിലും പോരായ്മയോ ക്രമക്കേടോ പരിഹരിക്കുന്നതിന് ഉടനടി ഉചിതമായ നടപടി എടുക്കേണ്ടതാണ്.

(7) ആഡിറ്റിൽ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കൗൺസിലിന്റെ കണക്കുകൾ, ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം അതിൻമേൽ ഭരണസമിതിയുടെ അഭിപ്രായക്കുറിപ്പുകൾ സഹിതം നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള സമയത്തിനുള്ളിൽ സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(8) സർക്കാർ, (7)-ാം ഉപവകുപ്പിനുകീഴിലുള്ള ആഡിറ്റ് റിപ്പോർട്ടിനോടൊപ്പമുള്ള വാർഷിക കണക്കുകൾ ലഭിച്ച ഉടൻ തന്നെ ആയത് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

27. <u>വാർഷിക റിപ്പോർട്ട്.</u>—(1) കൗൺസിൽ ഓരോ വർഷവും ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ആ വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ, സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച ശേഷം കഴിയുന്നത്ര വേഗം സർക്കാർ അത് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

28. <u>അംഗങ്ങളും കൗൺസിലിന്റെ ജീവനക്കാരും പബ്ളിക് സർവെന്റുമാരായിരിക്കുമെന്ന്.</u>—കൗൺസിലിന്റെ ചെയർമാനും വൈസ് ചെയർമാനും, അംഗങ്ങളും ഉദ്യോഗസ്ഥരും ജീവനക്കാരും ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് അല്ലെങ്കിൽ ഈ ആക്റ്റിന്റെ കീഴിൽ ഉണ്ടാക്കിയിരിക്കുന്നതോ പുറപ്പെടുവിച്ചിരിക്കുന്നതോ ആയ ഏതെങ്കിലും ചട്ടങ്ങളോ, വ്യവസ്ഥകളോ, ഉത്തരവുകളോ അല്ലെങ്കിൽ നിർദ്ദേശങ്ങളോ അനുസരിച്ച് പ്രവർത്തിക്കുമ്പോൾ ഇന്ത്യൻ ശിക്ഷാ നിയമ സംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ളിക് സർവെന്റായി കണക്കാക്കപ്പെടുന്നതാണ്.

29. <u>ആക്റ്റിന് അതിപ്രഭാവമുണ്ടായിരിക്കുമെന്ന്.</u>—ഈ ആക്റ്റിലേയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക്, തത്സമയം പ്രാബല്യത്തിലുള്ള ഈ ആക്റ്റ് ഒഴികെയുള്ള ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ, അധികാര സ്ഥാനത്തിന്റെയോ വിധിയോ, ഉത്തരവോ, അല്ലാതെയുള്ള മറ്റ് ഏതെങ്കിലും നിയമം ഹേതുവായി പ്രഭാവത്തിലുള്ള ഏതെങ്കിലും കാരണത്തിലോ, അതിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവമുണ്ടായിരിക്കുന്നതാണ്.

30. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലേക്കായി, ഗസറ്റ് വിജ്ഞാപനംവഴി സർക്കാരിന് മുൻകാല പ്രാബല്യത്തോടെയോ പിൻകാലപ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയ ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ

ഒരു സമ്മേളനത്തിലോ, അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ, ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

31. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, സന്ദർഭം ആവശ്യപ്പെടുന്നുവെങ്കിൽ, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് അതിന് തോന്നുന്ന ഏത് കാര്യവും ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാതെ ഉത്തരവുമൂലം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും, അതുണ്ടാക്കിയ ശേഷം, എത്രയും പെട്ടെന്ന് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

32. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഓർഡിനൻസ് (2007-ലെ 49) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസുപ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

31-10-2006-ലെ സ.ഉ (കൈയെഴുത്ത്) നം. 141/2006 പ്രകാരം ഒരു ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിച്ചു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിലെ മുൻ പ്രൊഫസറും കാലടി ശ്രീ ശങ്കരാചര്യ സംസ്കൃത സർവ്വകലാശാലയുടെ വൈസ് ചാൻസലറും പ്രമുഖ ചരിത്രകാരനും വിദ്യാഭ്യാസ വിചക്ഷണനുമായ ഡോ. കെ. എൻ. പണിക്കർ ആയിരുന്നു കമ്മീഷന്റെ അദ്ധ്യക്ഷൻ. കമ്മീഷനെ ഏല്പിച്ച പ്രധാന ദൗത്യം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്നതിനുവേണ്ട കരട് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുക എന്നതായിരുന്നു.

2. മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ എന്നിവരുമായി ചർച്ച നടത്തുകയും ഇതിനകം ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചു കഴിഞ്ഞ തമിഴ്നാട്, ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ പോലുള്ള സംസ്ഥാനങ്ങളിലെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്റ്റാറ്റ്യൂട്ടുകളും പരിശോധിച്ചതിനുശേഷം കമ്മീഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപികരിക്കുന്നതിനുള്ള ഒരു കരട്

സ്റ്റാറ്റ്യൂട്ടിന് രൂപം നൽകി. കമ്മീഷന്റെ കരട് സ്റ്റാറ്റ്യൂട്ടുകളും ശുപാർശകളും പരിഗണിച്ച ശേഷം സർക്കാർ, സർവ്വകലാശാലകൾ, സർവ്വകലാശാല അദ്ധ്യാപകർ, വിദഗ്ദ്ധർ, ജനപ്രതിനിധികൾ എന്നിവരുടെ ഒരു കൂട്ടായ്മയായി സർക്കാരിനും സർവ്വകാലശാല കൾക്കും ഇടയിലും സർവ്വകലാശാലകൾക്കും ഉന്നതതല ക്രമീകരണ നികായങ്ങൾക്കും ഇടയിലും ഒരു പ്രവർത്തന മണ്ഡലം ഉൾക്കൊണ്ട് അവർക്കിടയിൽ സുദൃഢമായ ബന്ധം വാർത്തെടുക്കുന്നതിന് (i) സംസ്ഥാനത്തെ ഉന്നത പഠനത്തിനുള്ള സ്ഥാപന ങ്ങളുടെ സ്വയംഭരണവും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിനും (ii) സംസ്ഥാന സർക്കാരിന് നയരൂപീകരണത്തിനും ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണത്തിനും അക്കാഡമിക് ഇൻപുട്ട് വ്യവസ്ഥ ചെയ്ത അക്കാഡമിക് മികവും സാമൂഹ്യനീതിയും പരിപോഷിപ്പിക്കുന്നതിനും (iii) സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക ആവശ്യങ്ങൾക്കനുസൃതമായി ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയെ നയിക്കുന്നതിനും ഉള്ള ഉദ്ദേശ്യങ്ങളോടെ ഒരു സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു.

3. അതിനാൽ മേൽപ്പറഞ്ഞ ഉദ്ദേശ്യങ്ങൾ നേടുന്നതിന് (i) സർവ്വകലാശാല, ഗവേഷണ സ്ഥാപനങ്ങൾ, കലാലയങ്ങൾ എന്നിവ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നയങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യാനും (ii) കേന്ദ്ര സംസ്ഥാന സർക്കാരുകളും സർവ്വകലാ ശാലാ ധനസഹായ കമ്മീഷനും ഉൾപ്പെടെ ദേശീയ തലത്തിലുള്ള ക്രമീകരണ നികായങ്ങളും, അഖില ഭാരത സാങ്കേതിക വിദ്യാഭ്യാസ കൗൺസിലും അദ്ധ്യാപക വിദ്യാഭ്യാസത്തിനായുള്ള ദേശീയ കൗൺസിലും, ഭാരത വൈദ്യശാസ്ത്ര കൗൺസിലും ഭാരത അഭിഭാഷക കൗൺസിലും മറ്റ് സമാന സ്റ്റാറ്റ്യൂട്ടറി നികായങ്ങളും ഏറ്റെടുത്തി ട്ടുള്ളതും പ്രോൽസാഹിപ്പിച്ചു വരുന്നതുമായ ഉന്നത വിദ്യാഭ്യാസത്തിന്റെ വിവിധ പരിപാടികളുടെ നെറ്റ് വർക്കിംഗിനും (iii) ഉന്നത വിദ്യാഭ്യാസത്തിൽ നൂതന ആശയങ്ങൾ ആവിഷ്ക്കരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായുള്ള ജോലികൾ ഏറ്റെടുക്കുന്നതിനും (iv) എല്ലാ സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും കലാലയങ്ങളിലും മറ്റ് കേന്ദ്രങ്ങളിലും ഉന്നത പഠനത്തിനുള്ള പൊതുവായ സൗകര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും (v) ഉന്നത വിദ്യാഭ്യാസത്തിന്റെ വികസനത്തിനും വ്യാപനത്തി നുമായി ഫണ്ടുകൾ സ്വരൂപിക്കുന്നതിനും പരമാവധി ഉപയോഗപ്പെടുത്തുന്നതിനും (vi) വിദ്യാഭ്യാസത്തിൽ സാമൂഹ്യ നീതിയും മികവും ലക്ഷ്യമാക്കികൊണ്ട് അത്തരത്തിലുള്ള മറ്റ് പരിപാടികൾ ഏറ്റെടുത്ത് പ്രോൽസാഹിപ്പിക്കുന്നതിനുമായി ഈ കൗൺസിലിനെ അധികാരപ്പെടുത്തേണ്ടതാണെന്ന് കാണുന്നു. ഈ ഉദ്ദേശ്യങ്ങളോടെയാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്നതിന് ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

4. സംസ്ഥാന നിയമസഭ സമ്മേനത്തിലല്ലാതിരുന്നതിനാലും മേല്പറഞ്ഞ വ്യവ സ്ഥകൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഓർഡിനൻസ് 2007 ജനുവരി 25-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2007-ലെ 2-ാം നമ്പർ ഓർഡിനൻസായി 2007 ജനുവരി 25-ാം തീയതിയിലെ 147-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു

5. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയുടെ 2007 മാർച്ച് 2-ാം തീയതി ആരംഭിച്ച്

2007 മാർച്ച് 29-ാം തീയതി അവസാനിച്ച 4-ാം സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിക്കാതിരുന്നതിനാൽ 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഓർഡിനൻസ് (2007-ലെ 26) 2007 മാർച്ച് 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തി.

6. 2007-ലെ 26-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 2007 ജൂൺ 19-ാം തീയതി ആരംഭിച്ച് 2007 ജൂലൈ 26-ാം തീയതി അവസാനിച്ച 5-ാം സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഓർഡിനൻസ് (2007-ലെ 49) 2007 ജൂലൈ 30-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2007 ജൂലൈ 30-ാം തീയതിയിലെ 1409-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. ബില്ലിന്റെ 25-ാം ഖണ്ഡം കൗൺസിലിന്റെ ഫണ്ടുകളെപ്പറ്റി പ്രതിപാദിക്കുന്നു. 25-ാം ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡപ്രകാരം സംസ്ഥാന സർക്കാർ കൗൺസിലിന്റെ പ്രവർത്തനത്തിനും അതിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന അത്തരം തുക കൗൺസിലിന് ഓരോ സാമ്പത്തിക വർഷവും നൽകേണ്ടതാണ്. ഈ കൗൺസിൽ സ്ഥാപിക്കുന്നതിന് ആവർത്തനവും അനാവർത്തനവുമായ ചെലവുണ്ടാകും. കൗൺസിൽ സ്ഥാപിക്കുന്നതിന് ഏകദേശം 50 ലക്ഷം രൂപയോളം അനാവർത്തന ചെലവും ഏകദേശം 1.25 കോടി രൂപയുടെ ആവർത്തന ചെലവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ചെലവിന്റെ ആഡിറ്റ് ചെയ്ത വിവരണങ്ങളും വാർഷിക ബജറ്റും ഭരണ സമിതി അംഗീകരിക്കേണ്ട രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 15-ാം ഖണ്ഡം (സി) ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഈ ആക്റ്റിനും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും അനുസൃതമായി റഗുലേഷനുകൾ ഉണ്ടാക്കുവാൻ ബില്ലിലെ 15-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം ഭരണ സമിതിയെ അധികാരപ്പെടുത്തുന്നു.

3. ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾക്ക് അനുസൃതമായി പരിപാടികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ഭരണസമിതിക്ക് അത്തരത്തിലുള്ള മറ്റ് അധികാരങ്ങൾ നിർണ്ണയിക്കുവാൻ ബില്ലിലെ 15-ാം ഖണ്ഡം (ജെ) ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. നിർവ്വാഹകസമിതിയുടെ അത്തരത്തിലുള്ള മറ്റ് അധികാരങ്ങൾ നിർണ്ണയിക്കുവാൻ ബില്ലിലെ 17-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. വൈസ്-ചെയർമാന്റെയും, മെമ്പർ സെക്രട്ടറിയുടെയും, രജിസ്ട്രാറുടെയും അംഗങ്ങളുടെയും മറ്റ് സേവനവ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിക്കുന്നതിന് ബില്ലിലെ 20-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. കൗൺസിലിന്റെ അധികമായി അവശേഷിക്കുന്ന തുക കൈകാര്യം ചെയ്യുന്ന രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 25-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ട് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. കൗൺസിലിന്റെ കണക്കുകൾ സൂക്ഷിക്കേണ്ട ഫാറവും രീതിയും നിർണ്ണയിക്കുവാൻ ബില്ലിലെ 26—ാം ഖണ്ഡം (1-)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. കൗൺസിലിന്റെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന ഫാറം നിർണ്ണയിക്കുവാൻ ബില്ലിലെ 26-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

9. 26-ാം ഖണ്ഡം (3) ഉപഖണ്ഡപ്രകാരം നിയമിക്കപ്പെടുന്ന ആഡിറ്ററുടെ അവകാശങ്ങളും, വിശേഷാവകാശങ്ങളും അധികാരങ്ങളും നിർണ്ണയിക്കുവാൻ ബില്ലിന്റെ 26-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കൗൺസിലിന്റെ കണക്കുകൾ സർക്കാരിന് അയച്ചു കൊടുക്കേണ്ടതായ സമയപരിധി നിർണ്ണയിക്കുവാൻ ബില്ലിലെ 26-ാം ഖണ്ഡം (7)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. വാർഷിക റിപ്പോർട്ടിന്റെ ഫാറം നിർണ്ണയിക്കുവാൻ ബില്ലിലെ 27-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ഈ ആക്റ്റിന്റെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 30-ാം ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

13. ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ഏതെങ്കിലും വൈഷമ്യങ്ങൾ ഒരു ഉത്തരവിലൂടെ നീക്കം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 31-ാം ഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

14. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങളെ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ അല്ലെങ്കിൽ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാണ്. മാത്രമല്ല ചട്ടങ്ങളും ഉത്തരവുകളും നിയമസഭയുടെ സൂക്ഷമ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എം. എ. ബേബി

(ശരിത്തർജ്ജമ)